82 (1625) പൊതുമരാമത്ത് വകുപ്പിലെ അധികാരവികേന്ദ്രീകരണം

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും, മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അധികാരവികേന്ദ്രീകരണം റദ്ദ്ചെയ്തുകൊണ്ട് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കിക്കൊണ്ട് ഇതിനുള്ള കാരണം അറിയിക്കുമോ;

(സി) ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പുതുതായി പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. (ജി.ഒ.(പി.) 232/99/ധന. തീയതി 21.1.99)

(ബി)&(സി) ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. കോപ്പി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.†

83 (1627) നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. നടത്തിയ ജോലികൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മരാമത്ത് വകുപ്പു എതെങ്കിലും ജോലികൾ ടെണ്ടർ ചെയ്യാതെ ഡിപ്പാർട്ടുമെന്റ് നേരിട്ട് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) എത്ര രൂപയുടെ ജോലികളാണ് ഇപ്രകാരം നടത്തിയത്;

(സി) ഈ ജോലികൾക്ക് സബ് കോൺട്രാക്ട് നൽകിയിരുന്നുവോ;

(ഡി) എങ്കിൽ ആരാണ് വർക്ക് നടത്തിയത്;

(ഇ) ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തിയ പ്രസ്തുത വർക്കിന്റെ അടങ്കൽ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത വർക്കിന് എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുക നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) പ്രസ്തുത വർക്കിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണ് പ്രസ്തുത ജോലിക്ക് മേൽനോട്ടം വഹിച്ചിരുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഐ) എന്നാണ് പ്രസ്തുത വർക്ക് തുടക്കംകുറിച്ചത്; ഇപ്പോൾ ഇതിന്റെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്ക് ഇപ്പോഴുള്ള റെയിൽവേ ക്രോസ് കടന്നെത്താൻ വേണ്ട സംവിധാനം അടിയന്തിരമായി ഏർപ്പെടുത്താൻവേണ്ടി മൂന്നര കിലോമീറ്റർ റോഡും റെയിൽവേ ഓവർ ബ്രിഡ്ജിന് അനുബന്ധമായി നിർമ്മിക്കേണ്ട മേൽപ്പാലവും ഡിപ്പാർട്ടുമെന്റ് ലായി നടത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

(ബി) മൂന്നുകോടി രൂപയുടെ സാങ്കേതികാനുമതിയുള്ള പണികളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(സി) നൽകിയിട്ടുണ്ട്.

(ഡി) ശ്രീ. പി.ടി. മത്തായി, ശ്രീ. കുരിയാക്കോസ് എന്നീ കരാറുകാരാണ് പ്രസ്തുത പണി സബ് കോൺട്രാക്ടിൽ ചെയ്യുന്നത്.

(ഇ) 465 ലക്ഷം രൂപ.

(എഫ്) ഉണ്ട്. സർക്കാരിന്റെ 18.3.99-ലെ ജി.ഒ. (ആർ.ടി.) നം. 279/99/പൊ.മ.വ. പ്രകാരം എസ്റ്റിമേറ്റ് തുകയേക്കാൾ 55 ശതമാനം ഉയർന്ന തുക നൽകിയിട്ടുണ്ട്.

(ജി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കു് ഇപ്പോഴുള്ള റെയിൽവേ ക്രോസ് കടന്നെത്താൻവേണ്ടി മൂന്നര കി.മീ. റോഡിന്റേയും റെയിൽവേ ഓവർ ബ്രിഡ്ജിന് അനുബന്ധമായി നിർമ്മിക്കേണ്ട മേൽപ്പാലത്തിന്റേയും പണി.

(എച്ച്) ശ്രീ. കെ.എം. രവീന്ദ്രൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ആലുവ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം.

2. ശ്രീ. പി.ഒ. നാസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, എറണാകുളം.

3. ശ്രീ. ഇ.കെ. ഹസ്സൻകുട്ടി, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം.

4. ശ്രീ. ജി.വി. രാജീവ്, അസി. എഞ്ചിനീയർ, ബ്രിഡ്ജസ് ഡിവിഷൻ, നോർത്ത് പറവൂർ.

5. ശ്രീ. കെ.എൻ. നസീർ, അസി. എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, ആലുവ.

(ഐ) 26.3.99-ൽ പണി ആരംഭിച്ചു. ഇപ്പോൾ 50 ശതമാനം പണി പൂർത്തിയായിട്ടുണ്ട്.

84 (1628) പൊതുമരാമത്ത് വകുപ്പിലെ ഷെഡ്യൂൾഡ് റേറ്റ്

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ ഷെഡ്യൂൾഡ് റേറ്റ് അവസാനമായി പുതുക്കിയതെന്നാണ്;

(ബി) ഇപ്പോൾ നിലവിലുള്ള നിരക്കുകൾ സംസ്ഥാനത്ത് നിലവിലുള്ള കൂലി നിരക്കുമായി സമാനതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly